⇨ *തകർന്ന വീടുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല* ⇨

മാധവ് ഗാഡ്ഗിൽ കമ്മറ്റിയും കസ്തൂരിരംഗൻ കമ്മറ്റിയും കേരളത്തിൽ സൃഷ്ടിച്ച സാമ്പത്തിക-സാമുദായിക പ്രശ്നങ്ങൾ കേവലം പരിസ്ഥിതി വിഷയം എന്നതിൽ നിന്നും മതരാഷ്ട്രീയ ശക്തികളുടെ നിലനിൽപ്പിന്റെ പ്രശ്നം കൂടിയായി മാറികഴിഞ്ഞു. മാധവ് ഗാഡ്ഗിൽ-കസ്തൂരിരംഗൻ കമ്മറ്റി റിപ്പോർട്ടുകൾ കേരളത്തിൽ നിരവധി ചർച്ചകൾക്ക് കാരണമായിത്തീർന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ലേഖനം, കേരളത്തിൽ ഗാഡ്ഗിൽ-രംഗൻ റിപ്പോർട്ടുകൾ ഉണ്ടാക്കിയ സങ്കീർണതകളിലേക്ക് കടക്കുന്നില്ല. ഗാഡ്ഗിൽ-രംഗൻ റിപ്പോർട്ടുകൾ കേവലം പാരിസ്ഥിക സംരക്ഷണം എന്നതിനുപരിയായി, ഭരണകൂടവും മുതലാളിത്ത സാമ്പത്തിക വ്യവസ്തയും തമ്മിലുള്ള ബന്ധത്തെ അടയാളപ്പെടുത്താൻ കഴിയുന്ന ഒരു രേഖ എന്ന രീതിയിലും പരിഗണിക്കപെടാവുന്നവയാണ്. കേരളം മാത്രമല്ല, പശ്ചിമഘട്ടം ഉൾക്കൊള്ളുന്ന സംസ്ഥാനങ്ങളെല്ലാം തന്നെ ഒഴിവാക്കുന്ന വിഷയമാണ് പരിസ്ഥി സംരക്ഷണം, പ്രത്യേകിച്ചും ശക്തമായ മുതലാളിത്ത താത്പര്യങ്ങൾ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളെ തകർത്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ. ഈ പാശ്ചാതലത്തിൽ മഹാരാഷ്ട്രയിലെ, പൂനെ ജില്ലയിലെ മാലിൻ ഗ്രാമത്തിൽ, കഴിഞ്ഞ മൺസൂൺ കാലത്ത് (2014 ജൂലൈ 30ന്) ഉണ്ടായ ഉരുൾപൊട്ടലിനെക്കുറിച്ച് ഗാഡ്ഗിൽ-കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ പരിശോധിക്കുകയാണ് ഇവിടെ.

# മാലിൻ ദുരന്തം: ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഓർക്കുന്നുണ്ടോ?

മഹരാഷ്ട്രയിലെ പൂനെ ജില്ലയിലെ മാലിൻ എന്ന ആദിവാസി ഗ്രാമത്തിൽ കഴിഞ്ഞ മൺസൂൺ കാലത്ത് (2014 ജൂലൈ 30ന്) ഉണ്ടായ ഉരുൾപൊട്ടലിനെക്കുറിച്ച് ഗാഡ്ഗിൽ-കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ പരിശോധിക്കുന്നു.

**എസ്. മുഹമ്മദ് ഇർഷാദ്**

പൂനെ ജില്ലയിലെ, അംബേഗവ് താലൂക്കിലെ, മാലിൻ എന്ന ആദിവാസി ഗ്രാമമാണ് ദുരന്തത്തിന് ഇരയായത്. 153 പേർ മരണപ്പെട്ടു, അതിൽ 59 പുരുഷന്മാരും, 73 സ്ത്രീകളും, 21 കുട്ടികളും ഉൾപ്പെടുന്നു. തകർന്ന വീടുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഈ ഉരുൾപൊട്ടലിനെ ഒരു സാധാരണ സംഭവമാക്കിമാറ്റാനാണ് മഹാരാഷ്ട്ര സർക്കാർ ശ്രമിച്ചത്. അതിനുപിന്നിൽ മുഖ്യതാത്പര്യം ഗാഡ്ഗിൽ-രംഗൻ റിപ്പോർട്ടുകൾ തന്നെയാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന പ്രകാരം, മഹാരാഷ്ട്രയിലെ ആകെ നിഷേപത്തിന്റെ 38 ശതമാനവും പൂനെ, താനെ മേഖലകളിലാണ് നിക്ഷേപം നടത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ, സർക്കാറിനെ സംബന്ധിച്ചി

*⇨ ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശവും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതാണ് ⇨*



ടത്തോളം ഈ മേഖലകൾ വളരെ മർമ്മപ്രധാനങ്ങളായ സ്ഥലങ്ങളാണ്. ഈയൊരു പ്രത്യകത കൊണ്ടാകാം, ഈ പ്രദേശത്തെപ്പറ്റി സംസാരിക്കുമ്പോൾ സർക്കാർ സംവിധാനങ്ങളെല്ലാം തന്നെ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് പറയാതിരിക്കുന്നത്. മാലിൻ ദുരന്തമുണ്ടായപ്പോഴും പുനരധിവാസത്തെയും മറ്റ് സാമ്പത്തിക സഹായങ്ങളെയും കുറിച്ച് മാത്രമാണ് മഹാരാഷ്ട്ര സർക്കാർ സംസാരിച്ചുകൊണ്ടിരുന്നത്.

പാരിസ്ഥിതിക പ്രധാന്യം കണക്കിലെടുക്കാതെ നടപ്പിലാക്കിയ വൻതോതിലുള്ള 'വികസനം' മാണ് ഈ മേഖലയിലെ ദുരന്തങ്ങൾക്ക് കാരണമെന്ന് മാധവ് ഗാഡ്ഗിൽ തന്നെ കുറ്റപ്പെടുത്തിയിരുന്നു. സർക്കാർ കണക്ക് പ്രകാരം 28,000 ത്തോളം മരങ്ങൾ അവിടെ നിന്ന് മുറിച്ചുനീക്കിയിട്ടുണ്ട്. എന്നാൽ ഇത് 3,00,000 ത്തോളം വരുമെന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്. ഇതുമാത്രമല്ല ഈ പ്രദേശത്തിന്റെ പാരിസ്ഥിക ഘടന മനസ്സിലാക്കാതെ സ്ഥാപിച്ച കാറ്റാടി യന്ത്രങ്ങളും അതിന് വേണ്ടിനശിപ്പിക്കപ്പെട്ട വനവും ഉരുൾപൊട്ടലിന്റെ ആഘാതം വർദ്ധിപ്പിച്ചു എന്നും പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇത് ശരിയുമാണ്. എന്നാൽ സർക്കാർ ഇക്കാര്യങ്ങളെക്കുറിച്ച് മൗനം പാലിച്ചു. മഹാരാഷ്ട്രയിലെ രാഷ്ട്രീയ സമവാക്യങ്ങൾ പഠിച്ചാൽ ഈ മൗനത്തിന്റെ കാരണം മനസിലാകും. മുംബൈ നഗരത്തിന് വേണ്ടത് വികസനമാണെന്നും അതുകൊണ്ട് തന്നെ പരിസ്ഥിതി നിയമങ്ങൾ നഗരത്തിനുപുറത്ത് നടപ്പിലാക്കിയാൽ മതിയെന്നും മഹാരാഷ്ട്ര മുഖ്യമന്ത്രി ഒരിക്കൽ പറഞ്ഞിരുന്നു. എന്നാൽ മുംബൈ നഗരത്തിൽ മാത്രമല്ല, നഗരത്തിന് പുറത്തുള്ള പാരിസ്ഥിതിക പ്രധാന്യമുള്ള പ്രദേശങ്ങളിൽപ്പോലും ഇത്തരം നിയമങ്ങൾ നടപ്പിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല എന്നതിന്റെ തെളിവുകൂടിയായിരുന്നു മാലിൻ ഉരുൾപൊട്ടൽ.

മാധവ് ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ടിൽ പരമാർശിച്ച സഹ്യാദ്രി പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമാണ് പൂനെ-റായ്ഘട്ട് മേഖല. ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശവും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. കസ്തൂരിരംഗൻ കമ്മിറ്റിയും മാലിൻ ഉൾപ്പെടെയുള്ള മേഖലയെ പരിസ്ഥിതി ദുർബല പ്രദേശമായി ഉൾപ്പെടുത്തിയിരുന്നു. ഇവിടെ ഏറെക്കാലം മുമ്പ് നടന്ന വനനശീകരണവും കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കലും സൃഷ്ടിച്ച ആഘാതങ്ങൾ ഗൗരവപൂർവ്വം വിലയിരുത്തേണ്ടവയാണ്. ഈ പ്രദേശം ഭരണഘടനയുടെ അഞ്ചാംപട്ടികയിൽ വരുന്ന ആദിവാസിമേഖല കൂടിയാണ് എന്നതാണ് വിശകലനം ചെയ്യേണ്ട മറ്റൊരു കാര്യം. കേരളത്തിലെ ഗാഡ്ഗിൽ-കസ്തൂരിരംഗൻ ചർച്ചയിൽ ഒന്നും തന്നെ ആദിവാസി പ്രശ്നം വേണ്ടത്ര ഉന്നയിക്കപ്പെട്ടുകണ്ടില്ല. ഭരണഘടന നൽകുന്ന സ്വയംഭരണാവകാശമുള്ള ഒരു വിഭാഗം പ്രകൃതിക്ഷോഭത്തിന് ഇരയാകുമ്പോൾ, അവർക്ക് ലഭികേണ്ട സഹായധനം നിലനിൽക്കുന്ന സാമൂഹികാധികാരത്തിന് ആനുപാതികമായിരിക്കണം എന്ന സാമാന്യ

നിയമം വിസ്മരിക്കാനും പാടില്ല. കേരളത്തിൽ സംഭവിച്ച പോലെതന്നെ, മഹാരാഷ്ട്രയിലും ആദിവാസികളും അവരുടെ ഭൂമിയും ഒന്നും തന്നെ ഗാഡ്ഗിൽ റിപ്പോർട്ടിനെ തുടർന്ന് നടന്ന ചർച്ചകളിൽ വിഷയമായില്ല. മാലിൻ പ്രദേശത്തെ കയ്യേറ്റങ്ങൾ എല്ലാം തന്നെ ആദിവാസി സമൂഹത്തിന് ഭരണഘടന നൽകുന്ന അവകാശങ്ങൾക്ക് നേരെയുള്ള കയ്യേറ്റങ്ങൾ കൂടിയാണ്. ഇനിയുണ്ടാകാൻ സാധ്യതയുള്ള പ്രകൃതിദുരന്തങ്ങളുടെ ആഘാതങ്ങളിൽ നിന്നും വിഭവങ്ങളെ സ്വയംനിയന്ത്രിക്കാൻ അവകാശമുള്ള ആദിവാസി സമൂഹത്തിന് ഒഴിവാകണമെങ്കിൽ അവർ ആ പ്രദേശം വിട്ടുപോകേണ്ടുന്ന അവസ്ഥയാണുള്ളത്. എവിടെപ്പോയി ജീവിക്കണമെന്ന കാര്യത്തിൽ തീരുമാനമെടുക്കാനാകാതെ അവർ ഇപ്പോൾ സർക്കാറിനെ ആശ്രയിച്ചു നിൽക്കുകയാണ്.

ഡിംബെ ഡാമിന്റെ നിർമ്മാണത്തിനായി 2,202 ഹെക്ടർ ആദിവാസി ഭൂമി ഏറ്റെടുക്കേണ്ടിവന്നു. 1253 കുടുംബങ്ങൾ കുടിയിറക്കപ്പെട്ടു.11 ഗ്രാമങ്ങൾ പൂർണ്ണമായും വെള്ളത്തിലായി. 13 ഗ്രാമങ്ങൽ ഭാഗിമായി ഇല്ലാതായി. 14,000 ഹെക്ടർ പ്രദേശത്തിന് ഡാം കൊണ്ട് ജലസേചനം നടത്താൻ കഴിയുന്നണ്ട്. ഡാമിന്റെ നിർമ്മാണം രണ്ടു രീതിയിൽ വിലയിരുത്താം. ഒന്ന്, ഇതുമൂലമുണ്ടായ കുടിയിറക്കും, മറ്റൊന്ന് ജലസേചന സൗകര്യവും.

153 പേരുടെ മരണമുണ്ടാക്കിയ ആഘാതം മറികടക്കാൻ ഈ സമൂഹത്തിന് വേഗം കഴിയില്ല. ഇവർക്കെന്നല്ല ലോകത്താർക്കും ഇത്തരം ദുരന്തങ്ങൾ സൃഷ്ടിക്കുന്ന സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളിൽ നിന്നും അതിവേഗം മുക്തരാകാൻ കഴിയില്ല. നഷ്ടപ്പെട്ടത്തിന്റെ അതേ മൂല്യത്തിൽ നഷ്ടപരിഹാരം നൽകിയതുകൊണ്ടുമാത്രം ദുരന്തം സൃഷ്ടിച്ച സാമ്പത്തിക ആഘാതങ്ങളെ അവർക്ക് മറികടക്കാനും കഴിയില്ല. നഷ്ടത്തെ മറികടക്കാൻ കഴിയുന്ന തരത്തിലുള്ള സാമ്പത്തിക സഹായം, അത് മൂലധനത്തിന്റെ രൂപത്തിലായാലും മറ്റ് ഏതുതരത്തിലായാലും അവർക്ക് നൽകണം. മഹാരാഷ്ട്ര സർക്കാർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നവും അതുതന്നെയാണ്. രണ്ടുതരം പുനരധിവാസമാണ് ജനം ആഗ്രഹിക്കുന്നത്. ഒന്ന്, ആ പ്രദേശത്ത് നിന്നുള്ള പൂർണ്ണമായ പറിച്ചുനടൽ. മറ്റൊരു വിഭാഗം അവിടത്തന്നെ താമസം വേണമെന്നാണ് ആവശ്യപ്പെടുന്നത്. താമസിക്കാൻ ഭൂമിമാത്രമാണെങ്കിൽ വേഗം പരിഹരിക്കാൻ കഴിയും, എന്നാൽ കൃഷിഭൂമി പകരം നൽകുക എന്ന ആവശ്യം പരിഹരിക്കുക സർക്കാറിനെ സംബന്ധിച്ച് പ്രയാസമാണ്. ഇതിനുമുമ്പ് നടന്ന, ഡാമിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള കുടിയിറക്കിന്റെ ആഘാതത്തിൽ നിന്ന് ഇനിയും മുക്തരാകാത്ത ഒരു വലിയ വിഭാഗം ജനങ്ങളും ഈ പ്രദേശത്തുണ്ട്.

പ്രദേശം സന്ദർശിച്ച ഞങ്ങൾ, ഭക്ഷണം കഴിക്കാൻ പോയ കുടുബത്തിന്റെ ചരിത്രം, ഈ പ്രാദേശത്തെ വികസനചരിത്രവും ഇവിടെ നടന്ന കുടിയിറക്കിന്റെ ചരിത്രവും ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നു. 2000ൽ ഈ പ്രദേശത്ത് കമ്മീഷൻ ചെയ്ത ഡിംബെ ഡാമിന്റെ നിർമ്മാണത്തിനായി 2,202 ഹെക്ടർ ആദിവാസി ഭൂമി ഏറ്റെടുക്കേണ്ടിവന്നു. 1253 കുടുംബങ്ങൾ കുടിയിറക്കപ്പെട്ടു. 11 ഗ്രാമങ്ങൾ പൂർണ്ണമായും വെള്ളത്തിലായി. 13 ഗ്രാമങ്ങൽ ഭാഗിമായി ഇല്ലാതായി. 14,000 ഹെക്ടർ പ്രദേശത്തിന് ഡാം കൊണ്ട് ജലസേചനം നടത്താൻ കഴിയുന്നണ്ട്. ഡാമിന്റെ നിർമ്മാണം രണ്ടു രീതിയിൽ വിലയിരുത്താം. ഒന്ന്, ഇതുമൂലമുണ്ടായ കുടിയിറക്കും, മറ്റൊന്ന് ജലസേചന സൗകര്യവും. എന്നാൽ വൻതോതിൽ ഉണ്ടാകുന്ന വനനശീകരണവും ഖനനവും കാലക്രമേണ കൃഷിയെ ബാധിക്കും. ഈ കുടുബത്തിന്റെ 100 ഏക്കർ ഭൂമിയാണ് ഡാം വന്നതുമൂലം നഷ്ടമായത്, ഇവർക്ക് പകരമായി കിട്ടിയത് ഏഴ് ഏക്കർ കൃഷി ഭൂമിയും വീടുവയ്കാൻ 10 സെന്റുമാണ്. അതും മൂന്ന് സഹോദരങ്ങൾക്കായി വീതം വച്ചാൽ കിട്ടുന്നത് വളരെ ചുരുക്കവും. കുടിയിറക്കപ്പെട്ട ജനങ്ങൾ ഇനിയൊരിക്കലും തിരികെപ്പിടിക്കാൻ കഴിയാത്തതരത്തിൽ സാമ്പത്തിക അസമത്വത്തിലേക്ക് വീണുകഴിഞ്ഞു. ഇത്തരം കുടിയിറക്കലുകൾ മാത്രമല്ല, അതോടൊപ്പം വന്ന നിർമ്മാണ പ്രവർത്തനങ്ങൾ സൃഷ്ടിച്ച ആഘാതവും ഇതുവരെ കൃത്യമായി വിലയിരുത്തപ്പെട്ടിട്ടില്ല. ഒരുപക്ഷെ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെയുള്ള വാദഗതിയുടെ മൂർച്ചകൂട്ടാൻ ഈ ഉദാഹരണം ഉപയോഗിക്കപ്പെടാം.

മഹാരാഷ്ട്ര സർക്കാർ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം പുനരധിവസിക്കപ്പെടുന്നവർക്ക് പകരം ഭൂമി നൽകുക എന്നതാണ്. വീടുവെക്കാൻ പകരം ഭൂമിനൽകാൻ സർക്കാർ തയ്യാറാണ്. എന്നാൽ പകരം കൃഷിഭൂമി നൽകുക എന്നത് സർക്കാറിനെ സംബന്ധിച്ചിടത്തോളം വേഗ

ത്തിൽ സാധിക്കുന്നതല്ല. പകരം ഭൂമി നൽകുക എന്നത്, പ്രത്യകിച്ചും ആദിവാസി മേഖലയിൽ, അതും പാരിസ്ഥിക പ്രധാന്യമുള്ള ഒരു പ്രദേശത്ത് പ്രായോഗികവുമല്ല. മാത്രമല്ല ഈ പ്രദേശത്തെ വൻകിട ഖനന/ ടൂറിസം കമ്പനികളെ പിണക്കുന്ന ഒരു നടപടിക്കും സർക്കാർ തയ്യാറാകുമെന്ന് തോന്നുന്നില്ല. ആദിവാസി മേഖലകളിൽ നിയമപ്രകാരം സർക്കാർ നടപ്പിലാക്കേണ്ട വാനാവകാശ നിയമമടക്കം പാലിച്ചുകൊണ്ട് പുനരധിവാസം നടപ്പിലാക്കിയില്ലെങ്കിൽ വാനാവകാശ നിയമവും പെസനിയമവും നടപ്പിലാകാതെ പോകും.

പ്രകൃതിദുരന്തം മൂലമുണ്ടാകുന്ന കുടിയൊഴിപ്പിക്കൽ പലപ്പോഴും വൻകിട കമ്പനികളുടെ സാമ്പത്തിക താത്പര്യത്തിന് അനുഗുണമായി ഭവിക്കാറുണ്ട്. ഈ ലേഖകന്റെ തന്നെ ഒരു പഠനത്തിൽ, കേരളത്തിൽ സുനാമിക്ക് ശേഷം നടപ്പിലാക്കിയ പുനരധിവാസം ഫലത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലെ ആലപ്പാട്, അഴീക്കൽ പ്രദേശത്തെ കരിമണൽ ഖനനത്തിന് അനുകൂലമായി മാറുന്നതായി പറയുന്നുണ്ട്. സുനാമിയുണ്ടായ ഇന്തോനേഷ്യ അടക്കമുള്ള രാജ്യങ്ങളിൽ കടൽതീരങ്ങൾ സ്വകാര്യ ഹോട്ടലുകൾ കയേറിയ സംഭവവും ഉണ്ടായിട്ടുണ്ട്.

പകരം ഭൂമി നൽകി പുനരധിവാസം നടപ്പാക്കിയാൽ, മാലിൻ ഗ്രാമത്തിലെ ജനങ്ങളെ സംബന്ധിച്ച് പ്രകൃതിദുരന്ത ഭീഷണിയിൽ നിന്ന് അവർ ഒഴിവായിക്കിട്ടും. എന്നാൽ ഈ പ്രകൃതിദുരന്തം മനുഷ്യനിർമ്മിതമായ ഒന്നാണ് എന്ന കാര്യം വീണ്ടും നിഷേധിക്കപ്പെടും. ഈ പ്രദേശം മറ്റൊരു ഉരുൾപൊട്ടലിന്റെ സാധ്യതയിൽ നിന്നും ഇനിയും മുക്തമായിട്ടില്ല എന്നതാണ് വസ്തുത. അതോടൊപ്പം ആദിവാസി സാമൂഹത്തിന്റെ ഭരണഘടനാവകാശങ്ങളും ലംഘിക്കപ്പെടും. National Geological Survey of India യുടെ പ്രഥമപഠനത്തിൽ ഉരുൾപൊട്ടലിന്റെ ശാസ്ത്രീയകാരണമായി പറഞ്ഞതിൽ ഭൂമി തട്ടുകളായി തിരിച്ചുള്ള കൃഷിരീതിയും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇതല്ല മൂലകാരണമെന്നും നാളുകളായുള്ള വനം കയ്യേറ്റവും മറ്റ് നിർമ്മാണ പ്രവർത്തനവുമാണെന്നുമുള്ള പ്രാദേശിക കാഴ്ചപ്പാടിനെ അങ്ങീകരിക്കാൻ National Geological Survey of India ക്ക് കഴിഞ്ഞില്ല. പലപ്പോഴും ഇത്തരം ശാസ്ത്രീയപഠനങ്ങൾ പ്രാദേശികമായ കാഴ്ചപ്പാടുകളെയും അതുകൊണ്ടുതന്നെ വസ്തുതകളെയും നിഷേധിക്കാറുണ്ട്. വനനശീകരണം തുടർക്കഥയായ ഈ പ്രദേശം ഇനിയും സംരക്ഷിക്കപ്പെട്ടിട്ടില്ല എന്നതിനാൽത്തന്നെ മറ്റൊരു ദുരന്തത്തെ തടയാൻ കഴിയാത്ത വിധം ഇവിടം ദുർബലമായിരിക്കുകയാണ്. കസ്തൂരിരംഗൻ കമ്മിറ്റിയെ കേന്ദ്രസർക്കാർ അംഗീകരിച്ച സ്ഥിതിക്ക് കുറഞ്ഞപക്ഷം ഈ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ എങ്കിലും നടപ്പിലാക്കുകയാണ് സർക്കാറിന് ഇപ്പോൾ ചെയ്യാൻ കഴിയുന്നത്. അല്ലാത്ത പക്ഷം, ഇത്തരം ദുരന്തങ്ങൾ വീണ്ടും ആവർത്തിക്കുമെന്ന് മാത്രമല്ല ഇതുപോലെ ആദിവാസി സമൂഹം അധിവസിക്കുന്ന മേഖലകളിൽ ഭരണഘടന വാഗ്ദാനം ചെയ്ത അവകാശങ്ങൾ പോലും നിഷേധിക്കപ്പെടും. മഹാരാഷ്ട്ര നിയമസഭ തെരഞ്ഞെടുപ്പ് അടുത്തെത്തിയ കാരണം കൊണ്ടായിരുന്നു സർക്കാർ പുനരധിവാസ വിഷയങ്ങളിൽ അടിയന്തരമായി ഇടപെട്ടത്. അല്ലാത്തപക്ഷം ഇവരുടെ പുനരധിവാസം അനന്തമായി നീളുമായിരുന്നു. അപ്പോഴും ഒരു രാഷ്ട്രീയ പാർട്ടിയും ഗാഡ്ഗിൽ-കസ്തൂരിരംഗൻ കമ്മിറ്റകളെക്കുറിച്ച് ഒന്നും പരാമർശിക്കാതിരിക്കാൻ ശ്രമിച്ചു. പകരം ഭൂമി എന്ന നിലയിൽ പുനരധിവാസം മാറുകയും ഈ പ്രദേശത്തിന്റെ പാരിസ്ഥിക പ്രത്യേകതകൾ ചർച്ചകളിൽ നിന്നും ബോധപൂർവ്വം ഒഴിവാക്കപ്പെടുകയും ചെയ്തു. അഞ്ചാം പട്ടികയിൽ ഉൾപ്പെടുന്ന ആദിവാസി മേഖലയായിട്ടും ആദിവാസികളുടെ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടു. അഞ്ചാംപട്ടിക പ്രദേശങ്ങൾ ഇനിയും പ്രഖ്യാപിക്കപ്പെടാത്ത കേരളത്തിൽ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ അത്തരം സാധ്യതകൾ ചർച്ചയായിട്ടേയില്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ഏറ്റവും പ്രാധാന്യം കൊടുത്തത് ഇത്തരം അവകാശത്തിനായിരുന്നു.

മാലിൻ ഉരുൾപൊട്ടലിൽ നിന്നും കേരളത്തിന് വേണമെങ്കിൽ പലതും പഠിക്കാം, പഠിക്കാതെയും ഇരിക്കാം. കേരളത്തിലെ സർക്കാറും രാഷ്ട്രീയ പാർട്ടികളും അവരുടെ സാമ്പത്തിക-സാമൂഹിക അധികാരത്തെ സംരക്ഷിക്കുന്നതിനൊപ്പം ഒഴിവാക്കാനവാത്ത ഒരു പ്രകൃതിദുരന്തത്തെ വിളിച്ചുവരുത്തുകകൂടി ചെയ്യുന്നുണ്ടെന്ന് ഓർമ്മിക്കാൻ മാലിൻ ദുരന്തം അവസരമൊരുക്കുന്നു. മഹാരാഷ്ട്രയിലെപ്പോലെ കേരളത്തിലും പുതിയ വികസന സാധ്യതകളും നിക്ഷേപങ്ങളും പശ്ചിമഘട്ട പ്രദേശങ്ങളിലാണ് കേന്ദ്രീകരിക്കുന്നത്. അതുകൊണ്ടുതന്നെ മാലിൻ ഉരുൾപൊട്ടൽ കേരളത്തിലെ പശ്ചിമഘട്ട പ്രദേശങ്ങളിലെ ഉടമസ്ഥയെക്കുറിച്ചുള്ള അവകാശവാദത്തെ ചോദ്യം ചെയാൻ പര്യാപ്തമാണ്. ■